## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3122 — 21-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി.സത്യൻ<br>ശ്രീ. എം.നൗഷാദ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. ഒ.ആർ.കേളു | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാര്യമായ പുരോഗതി ഉണ്ടാക്കാത്ത സാഹചര്യത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗ രേഖ കാലാനുസൃതമായി പുതുക്കാൻ നടപടിയുണ്ടാകുമോ; നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ 30-05-2017-ലെ പതിനാലാമത് അയ്യങ്കാളി നഗര തൊഴിലുറപ്പ് കൗൺസിലിൽ അവതരിപ്പിച്ചു. അപ്രകാരം അവതരിപ്പിച്ച പരിഷ്കരിച്ച മാർഗ്ഗരേഖക്ക് ചർച്ചകൾക്കും ആവശ്യമായ ഭേദഗതികൾക്കും ശേഷം 27-07-2017-ലെ 15-ാമത് സംസ്ഥാന കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു.<br>1. ജലസംരക്ഷണവും ജല കൊയ്ത്തും<br>2. വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങൾ)<br>3. മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ<br>4. എസ്.സി/എസ്.ടി/കേന്ദ്രാവിഷ്കൃത പദ്ധതികൾ/ ബി.പി.എൽ കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃ നിർമ്മാണം<br>6. ഭൂവികസനം<br>7. വെള്ളക്കെട്ട് പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും, കുളസംരക്ഷണ പ്രവർത്തനങ്ങളും<br>8. BSUP/IHSDP/KSUDP/SJSRY/RAY പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുരൂപക പ്രവർത്തനങ്ങളും ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി യുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം |

| | | | |
|---|---|---|---|
| | | | വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും<br>9. കോളനി നവീകരണ പ്രവൃത്തികൾ<br>10. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ഉൾപ്പെട്ട സോക്പിറ്റ്, മഴക്കുഴി നിർമ്മാണം<br>11. കിണർ റീചാർജ്ജിംഗ്<br>12. ക്ഷീര കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യം ഒരുക്കൽ<br>13. മൂന്ന് മീറ്റർ വീതിയുള്ള നഗരസഭയുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വിവിധ നഗരസഭകളിലായി 9,17,24,898/- രൂപ വിനിയോഗിച്ച് 3,55,797 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | നഗരപ്രദേശങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളായ മാലിന്യനിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം എന്നിവയും വിവിധ സർക്കാർ മിഷനുകൾ പ്രകാരമുള്ള വികസന പരിപാടികൾ, ചേരി വികസനം തുടങ്ങിയവയും ഏറ്റെടുത്ത് വിജയകരമാക്കുന്നതിന് ഈ പദ്ധതി പുനഃസംഘടിപ്പിക്കുമോ? | (സി) | ഒന്നോ രണ്ടോ റസിഡന്റ്സ് അസോസിയേഷനുകളെ സംയോജിപ്പിച്ച് വീടുകളിലേയും പൊതു നിരത്തു കളിലേയും മാലിന്യങ്ങൾ ശേഖരിക്കുകയും പ്ലാസ്റ്റിക് സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ തയ്യാറാക്കുകയും മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ഈ പദ്ധതിയിലെ കായികാദ്ധ്വാനമുള്ള പ്രവൃത്തികൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിർവ്വഹിക്കുന്നതിന് നഗരസഭ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ